**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1375** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂൾ-ഹയർ സെക്കന്ററി ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം എസ് അരുൺ കുമാർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് അദ്ധ്യാപന മികവ് വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനും പാഠപുസ്തകങ്ങൾ ക്ലാസ്സ് ആരംഭിക്കുന്നതിന് മുൻപ് തന്നെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് അധ്യാപന മികവ് വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി. സമഗ്ര അധ്യാപക പരിശീലനപരിപാടി (Teacher Transformation Programme) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക നേതൃത്വത്തിൽ ഡയറ്റുകൾ കേന്ദ്രീകരിച്ചാണ് 6 മാസം ദൈർഘ്യമുള്ള ഈ പദ്ധതി നടത്തുന്നത്. ഓരോ ജില്ലയിലേയും തിരഞ്ഞെടുക്കപ്പെടുന്ന നിശ്ചിത എണ്ണം അധ്യാപകർക്കാണ് ശാക്തീകരണം നൽകുന്നത്. ആദ്യബാച്ചിന്റെ കോഴ്സ് പൂർത്തിയാക്കുകയും യോഗ്യരായവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു. അടുത്ത ബാച്ച് ഉടനെ ആരംഭിക്കുന്നതാണ്. കൂടാതെ വേനലവധിക്കാലത്ത് എല്ലാ അധ്യാപകർക്കും പരിശീലനം നൽകി വരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായവും ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | ഹൈസ്കൂൾ-ഹയർ സെക്കന്ററി ഏകീകരണം ഭരണപരമായ കാര്യക്ഷമത വർദ്ധനവിനും ഭൗതിക സൗഹചര്യങ്ങളുടെ വിനിയോഗം മെച്ചപ്പെടുത്തുന്നതിനും ഏതെല്ലാം തരത്തിൽ പ്രയോജനപ്രദമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; | (ബി) | ഹൈസ്കൂൾ-ഹയർ സെക്കന്ററി ഏകീകരണത്തോടെ 50 ലക്ഷം വിദ്യാർത്ഥികൾ ഒരു ഭരണ സംവിധാനത്തിനു കീഴിലേക്ക് വരുകയും തൻമൂലം ഭരണ പ്രതിസന്ധികൾ ഇല്ലാതാവുകയും ചെയ്യും. അക്കാദമികമായ കാര്യങ്ങൾ കേന്ദ്രീകൃത സംവിധാനത്തിലൂടെ നടപ്പിലാക്കുമ്പോൾ ഏകമാനത സാധ്യമാവുകയും കാര്യക്ഷമത വർധിക്കുകയും ചെയ്യും. ഒരു സ്കൂളിലെ വിവിധ തലങ്ങളെ ഒരു ഡയറക്ടർ നിയന്ത്രിക്കുന്നതു വഴി ഒരു സ്ഥാപനത്തിന്റെ ഭരണ നിയന്ത്രണത്തിനായി ഒറ്റ അധികാര കേന്ദ്രം എന്ന അവസ്ഥ സംജാതമാകുന്നു. അധികാര തർക്കങ്ങളില്ലാതെ ഭരണ-നിർവ്വഹണം |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമാകുന്നു. ഫണ്ടുകൾ ഏറ്റവും പ്രയോജനപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്നു. ശരിയായ പഠന പിന്തുണ ഉറപ്പുവരുത്താൻ കഴിയുന്നു. വ്യത്യസ്ത ഡയറക്ടർമാർ നൽകുന്ന നിർദ്ദേശങ്ങൾ പരസ്പര പൂരകമാകാത്തത് പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. അതുകൊണ്ട് തന്നെ ഒരു ഡയറക്ടർ എടുക്കുന്ന തീരുമാനങ്ങൾ വിദ്യാലയത്തിന് ഗുണപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. സ്കൂളിലെ മുഴുവൻ അദ്ധ്യാപകരുടെയും സേവനം പൊതുശാക്തീകരണത്തിനു വിനിയോഗിക്കാൻ കഴിയുന്നു. സ്കൂളിലെ എല്ലാതരം ഭൗതിക സാഹചര്യങ്ങളും പൊതുവായി എല്ലാ കുട്ടികൾക്കും ഉപയോഗിക്കത്തക്ക രീതിയിൽ വിനിയോഗിക്കാൻ കഴിയുന്നു. സ്കൂൾ ഭരണത്തിൽ ഫലപ്രദമായ ഏകോപനം സാധ്യമാകുന്നു. വിവിധ തലങ്ങളിലെ അദ്ധ്യാപകർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ അഭിസംബോധന ചെയ്യുന്നതിന് എളുപ്പത്തിൽ സാധ്യമാകുന്നു. |
| (സി) | ഏകീകരണത്തിന്റെ ഭാഗമായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | 12-ാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണത്തിന്റെയും ഏകോപനത്തിന്റെയും ഭാഗമായി നിലവിലുണ്ടായിരുന്ന 3 ഡയറക്ടറേറ്റുകളും സംയോജിപ്പിക്കുകയും ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതു സംവിധാനം രൂപീകരിക്കുകയും ചെയ്തു. കൂടാതെ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന അധികാര സ്ഥാനം ഐ.എ.എസ്. കേഡറിൽ സ്ഥാപിക്കുകയും ചെയ്തു. നിലവിൽ ഏകീകരണത്തിന്റെ തുടർ നടപടിയുടെ ഭാഗമായി ഗവൺമെന്റ് സെക്രട്ടേറിയേറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി 23.02.2022 തീയതിയിലെ സ.ഉ.(സാധാ) നം. 1030/2022/പൊ.വി.വ. പ്രകാരം കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഏകീകരണത്തിന്റെ നടപടിക്രമങ്ങൾ വകുപ്പിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ